

# ശിഹാബ്ക്കയോട് ചോദിക്കാം



ശിഹാബ്ക്കാ, സാങ്കേതിക വിദ്യയുടെ ഒരു കാലമാണല്ലോ ഇത്. മൊബൈലും ഗെയിമുമെല്ലാം വന്നപ്പോൾ വായന കുറഞ്ഞു എന്നെല്ലാവരും പറയുന്നു. എന്താണ് ശിഹാബ്ക്കയുടെ അഭിപ്രായം..?

**ആയിശാ സന**, ക്ലാസ് 6
ചേർത്തല

വായന കുറയുന്നതിൽ മൊബൈലിന്റെ ഉപയോഗം ഒരു കാരണമായി എന്ന് പറയാം.

പക്ഷേ, യഥാർത്ഥ കാരണം അത് മാത്രമാണോ? വായനയുടെ ആഹ്ലാദവും അനുഭൂതിയും ആവശ്യകതയും തിരിച്ചറിയുന്നവർ കുറയുന്നു. സാഹചര്യങ്ങൾ കിട്ടുന്നില്ല. ആവശ്യവും അത്യാവശ്യവും അനാവശ്യവും തമ്മിലുള്ള വ്യത്യാസം നാം വേണ്ടവിധം മനസ്സിലാക്കുന്നില്ല എന്നതല്ലേ സത്യം?

വായിക്കാൻ സമയം കിട്ടുന്നില്ല എന്ന് പലരും സ്വയം പരാതിപ്പെടുന്നത് കാണാം. സത്യം എന്താണ്? നമ്മുടെ അവശ്യകാര്യങ്ങളുടെ ഒരു ലിസ്റ്റ് സ്വകാര്യമായി ഒന്ന് തയ്യാറാക്കി നോക്കൂ. വായനക്ക് നാം നൽകുന്ന പ്രാധാന്യം എത്രാമത്തേതാണെന്ന് അപ്പോൾ മനസ്സിലാകും.

വായന, ഈ ലോകത്തെയും മനുഷ്യരെയും വിശാലമായ അർത്ഥത്തിൽ മനസ്സിലാക്കിത്തരുന്ന ഉപകരണമാണ്. വായനയില്ലെങ്കിൽ നാം ഈ ലോകത്തെ അറിയുന്ന മനുഷ്യരല്ലാതായിപ്പോവും. ഈ ലോകത്തെ മനസ്സിലാക്കാൻ കഴിയാതെയുള്ള ജീവിതം പരാജയപ്പെട്ട ജീവിതമാണ്.

ബഷീറിന്റെ ഭൂമിയുടെ അവകാശികൾ എന്ന കഥ ഒരു ഉദാഹരണമാണ്. ഈ കഥയിലൂടെ ബഷീർ നമ്മുടെ പ്രപഞ്ചബോധം എത്രമാത്രം വിശാലമാക്കുന്നു എന്ന് ആലോചിച്ചുനോക്കൂ. ഇങ്ങനെ അനേകം കാര്യങ്ങൾ വായനയുടെ ലോകത്തുണ്ട്. അത് നഷ്ടപ്പെടാതെ നോക്കുക

ഒരു ദിവസം ഒരു മണിക്കൂറെങ്കിലും വായനക്കായി മാറ്റിവെക്കുക.



ഇന്ത്യയിലെ സയൻസ് നഗരം എന്നറിയപ്പെടുന്നത് – കൊൽക്കത്ത

അവധിക്കാലത്ത് വായിക്കാൻ കുറച്ച് പുസ്തകങ്ങൾ നിർദേശിക്കാമോ ശിഹാബ്ക്കാ...

**ഇർഷാദ് സാലിം,** ക്ലാസ് 8
വടകര

ബഷീർ, മാധവിക്കുട്ടി, ഒ.വി.വിജയൻ, പൊൻകുന്നം വർക്കി, ടി. പത്മനാഭൻ, ചെറുകാട്, പി.ടി നരേന്ദ്രനാഥ് എന്നിവരുടെയൊക്കെ കഥാപുസ്തകങ്ങൾ വായിക്കൂ. ടാഗോർ, സാദത്ത് ഹസൻ മാന്റോ, ടോൾസ്റ്റോയി, ഒ. ഹെൻറി തുടങ്ങിയവരുടെ കഥകളുടെ പരിഭാഷ വായിക്കൂ.. പഞ്ചതന്ത്രം കഥകളും ആയിരത്തൊന്ന് രാവും ഒക്കെ വായിക്കൂ.

ഇന്ത്യൻ ഇംഗ്ലീഷ് കൃതികളിലൂടെ വിശ്വസാഹിത്യം വായിക്കാനുള്ള പരിശീലനം നേടൂ.

സാധ്യമെങ്കിൽ കുഞ്ചൻ നമ്പ്യാരെ വായിക്കൂ.

വായനയുടെ രസത്തിലേക്ക് ഇത് നിങ്ങളുടെ പ്രായത്തിലുള്ളവരെ കൊണ്ടുപോകും.

പിന്നീട് നിങ്ങൾക്ക് ഇഷ്ടപ്പെട്ട കൃതികളെയും എഴുത്തുകാരെയും സ്വയം തിരഞ്ഞെടുത്ത് വായിക്കൂ.

---

വായിച്ചാലും വളരും വായിച്ചില്ലേലും വളരും, വായിച്ചു വളർന്നാൽ വിളയും അല്ലേൽ വളയും എന്ന് കുഞ്ഞുണ്ണി മാഷുടെ ഒരു കവിതയില്ലേ ശിഹാബ്ക്കാ.. അത് ശരിയാണോ.. വായിച്ചിട്ടും ഒരുപാട് ഉയരങ്ങളിലെത്തിയിട്ടും വളരെ മോശമായി ജീവിക്കുന്നവരില്ലേ.. അവർ വളഞ്ഞവരല്ലേ...

– **ഇൽഹാം ജന്നത്ത്**, ക്ലാസ് 10
താമരശ്ശേരി

ഇൽഹാം ജന്നത്ത് പറയുന്നതിൽ കാര്യമുണ്ട്.

നമുക്കിടയിൽ എത്രയോ വിദ്യാഭ്യാസമുള്ളവരുണ്ട്. പക്ഷേ, അതിന്റെ ഗുണങ്ങൾ എത്ര പേരിലുണ്ട്? നമ്മുടെ ഉള്ളിൽ ജന്മസിദ്ധമായുള്ള നന്മയാലും വളർന്നുവന്ന ജീവിത സാഹചര്യങ്ങളാലും തെറ്റിനെ തെറ്റായും ശരിയെ ശരിയായും കാണാൻ കഴിവുള്ളവർക്ക് വായന വലിയ ഊർജ്ജവും കാഴ്ചപ്പാടും നൽകും.

ഉയർന്ന ബിരുദങ്ങളുണ്ടായിട്ടും ഡോക്ടർ എന്ന നിലക്ക് കഴിവ് പ്രകടിപ്പിക്കാൻ എത്ര പേർക്ക് കഴിയുന്നുണ്ട്? എന്നാൽ അപൂർവ്വമായി പ്രതിഭകളുള്ള ഡോക്ടർമാരും ഉണ്ട്. ഇവർക്ക് വൈദ്യം പഠിക്കാൻ കഴിഞ്ഞതുകൊണ്ടാണ് അവരുടെ ജന്മസിദ്ധമായ കഴിവുകൾ പ്രകടിപ്പിക്കാനായത്. പഠിച്ചില്ലെങ്കിൽ സാധിക്കുമായിരുന്നില്ല.

വായന നമ്മുടെ ഉള്ളിലെ ക്ലാവുകൾ തുടച്ചുകളഞ്ഞ് ഭംഗിയും വെളിച്ചവും നൽകും.

നല്ല ഒരു വിളക്ക് എണ്ണയാലും കൊളുത്തപ്പെട്ട അഗ്നിയാലും ലോകർക്ക് പ്രകാശം നൽകുന്നു.

എണ്ണയും അഗ്നിയും കിട്ടാതെ കിടന്നാൽ എത്ര വലുതായിട്ടും എന്ത് കാര്യം?!

അന്യർക്ക് ഉപകാരപ്പെടാത്ത വിദ്യാഭ്യാസ സർട്ടിഫിക്കറ്റും വായനയും വെളിച്ചം നൽകാത്ത വിളക്ക് പോലെയാണ്.



ലോകത്തിലെ ഏറ്റവും പഴക്കമുള്ള പർവ്വതം – ആരവല്ലി